# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1242 — 31.10.2019-ൽ മറുപടിക്ക്

### മാവൂർ രജിസ്ട്രാർ ഓഫീസ് കെട്ടിടം

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**

(എ) മാവൂർ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ പതിനഞ്ച് സെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) മാവൂർ റോഡ് നിർമ്മിക്കാൻ മണ്ണെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് വിലക്കെടുത്തതും ഉപയോഗമില്ലാത്തതിനാൽ അന്യാധീനപ്പെട്ടുകിടക്കുന്നതുമായ പ്രസ്തുത ഭൂമി വിട്ടു നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) മാവൂർ രജിസ്ട്രാർ ഓഫീസിന് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും — പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചു നൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് സർക്കുലർ നിലവിലുള്ള സാഹചര്യത്തിൽ ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് വക സ്ഥലങ്ങൾ വിട്ടു നൽകുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുകയാണ് പതിവ്. ഈ സാഹചര്യത്തിൽ മാവൂർ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിന് നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ